ക്യൂ.ഐ.പി (2)/43589/2017

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 09/06/2017

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം- ബഹു:മുഖ്യമന്ത്രിയുടെ കുട്ടികൾക്കായുള്ള സന്ദേശം സംബന്ധിച്ച്

സൂചന: ബഹു:വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ കത്ത് നം. 207/2017/പി.എസ്/എം (ഇ.ഡി.എൻ) തീയതി, 08/06/2017

സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് ബഹു: മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് എഴുതിയ കത്തിന്റെ 40 ലക്ഷത്തോളം കോപ്പികളും രണ്ട് കോടിയോളം നെയിംസ്ലിപ്പുകളും ബി.ആർ.സി കൾ വഴി സ്കൂളുകളിൽ എത്തിക്കാൻ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. 14/06/2017 നുള്ളിൽ കത്തുകളും നെയിംസ്ലിപ്പുകളും എല്ലാ വിദ്യാലയങ്ങളിലും എത്തിച്ചേർന്നിട്ടുണ്ടെന്ന് ബന്ധപ്പെട്ട വിദ്യഭ്യാസ വകുപ്പ് ഓഫീസർമാരും പ്രഥമാധ്യാപകരും ഉറപ്പാക്കേണ്ടതാണ്. 16/06/2017 വ്യാഴാഴ്ച രാവിലെ സ്കൂളുകളിൽ സ്പെഷ്യൽ അസംബ്ലി വിളിച്ചു ചേർത്ത് ബഹു: മുഖ്യമന്ത്രിയുടെ സന്ദേശത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രഥമാധ്യാപകൻ വിശദീകരിക്കേണ്ടതും സന്ദേശം വിദ്യാർത്ഥികളെ വായിച്ചുകേൾപ്പിക്കേണ്ടതുമാണ്. അതിനുശേഷം നെയിംസ്ലിപ്പുകളും കത്തുകളും വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതാണ്.

ബഹു:മുഖ്യമന്ത്രിയുടെ കത്ത് വായിച്ചതിന് ശേഷമുള്ള വിദ്യാർത്ഥികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അവരുടെ പേര്, സ്കൂളിന്റെ വിലാസം എന്നിവ രേഖപ്പെടുത്തി ശ്രീ.പിണറായി വിജയൻ, കേരള മുഖ്യമന്ത്രി, റൂം നം. 141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001 എന്ന വിലാസത്തിൽ പ്രഥമ അധ്യാപകൻ മുഖേന അയയ്ക്കേണ്ടതാണ്. അങ്ങനെ അയയ്ക്കുന്നതിനു മുമ്പായി എൽ.പി, യു.പി, ഹൈസ്ക്കൂൾ തലത്തിലെ വിദ്യാർത്ഥികളുടെ പ്രതികരണങ്ങളിൽ ഏറ്റവും മികച്ചതെന്നു കാണുന്ന മൂന്നു കത്തുകൾ ഫോട്ടോകോപ്പിയെടുത്ത് പ്രഥമാധ്യാപകർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അയച്ചു കൊടുക്കേണ്ടതും വിദ്യാഭ്യാസ ഉപഡയറക്ടർ ജില്ല ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ഓഫീസറുമായി ബന്ധപ്പെട്ട് ഇങ്ങനെ ലഭിക്കുന്ന മികച്ച പ്രതികരണങ്ങളിൽ നിന്ന് പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്ക്കൂൾ തലത്തിൽ ജില്ലാ അടിസ്ഥാനത്തിൽ ഏറ്റവും മികച്ച ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹമായ

രചനകൾ അതാത് ജില്ലകളിലെ എഴുത്തുകാരും വിദ്യാഭ്യാസ വിചക്ഷണന്മാരും സാമൂഹിക പ്രവർത്തകരുമടങ്ങുന്ന മൂന്നംഗ സമിതിയെക്കൊണ്ട് നിർണയിക്കേണ്ടതുമാണ്. മികച്ച പ്രതികരണങ്ങൾക്ക് ജില്ലാ തലത്തിൽ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിൽ സമ്മാനം നൽകുവാൻ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ഉപഡയറക്ടർമാർ ജില്ലാ കളക്ടറുമായി കൂടിയാലോചിച്ച് ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സഹകരണത്തോടെ ജില്ലാതല വിതരണോദ്ഘാടനം സംഘടിപ്പിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

എല്ലാ പ്രഥമാദ്ധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖാന്തിരം)